ഇവരിൽ സർവ്വശ്രീ ഇ. നാസർ, കെ.റ്റി. അശോക് കുമാർ, മുഹമ്മദ് ബഷീർ എന്നിവരൊഴികെ ബാക്കി അഞ്ചുപേരെയും സർക്കാർ നിർദ്ദേശമനുസരിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിച്ചു.

(സി) ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്തതിന്റെ പേരിൽ കമ്പനിയുടെ സ്റ്റാൻഡിംഗ് ഓർഡർ അനുസരിച്ച് അന്വേഷണം നടത്തുകയും ശ്രീ. എം.എ. ചന്ദ്രൻ എന്ന ജീവനക്കാരനെ കമ്പനിയിൽ നിന്നും പിരിച്ചുവിടുകയും ചെയ്തു. ഇതിനെതിരെ ടിയാൻ ലേബർ കോടതിയിൽ ഫയൽ ചെയ്ത കേസിൽ മുൻ ശമ്പളത്തോടുകൂടി ജോലിയിൽ പ്രവേശിപ്പിക്കുവാൻ വിധിക്കുകയുണ്ടായി. ഗുരുതരമായ കുറ്റകൃത്യത്തിന്റെ പേരിൽ കമ്പനിയിൽ നിന്നും പുറത്താക്കിയ ഒരു ജീവനക്കാരനെ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചാൽ അത് കമ്പനിയുടെ മൊത്തം അച്ചടക്കത്തേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ടി വിധിക്കെതിരെ കമ്പനി ഹൈക്കോടതിയിൽ അപ്പീലും റിട്ട് അപ്പീലും ഫയൽ ചെയ്തിട്ടുണ്ട്. ഇതിന്റെ അന്തിമതീരുമാനം ആയിട്ടില്ല.

കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ്

27 (2083)ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറത്തെ കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) ഈ സ്ഥാപനത്തിൽ ഇപ്പോൾ ഏതൊക്കെ ഉല്പന്നങ്ങളാണ് ഉല്പാദിപ്പിക്കുന്നത്;

(സി) പ്രസ്തുത ഉല്പന്നങ്ങളുടെ വിപണനത്തിനായി എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സ്ഥാപനത്തിലെ ഉല്പന്നങ്ങൾ സർക്കാർ സ്ഥാപനങ്ങളിൽ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) ഇപ്പോൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ താഴെപ്പറയുന്നവയാണ്.

1. സോളോ ഡിറ്റർജന്റ് പൗഡർ
2. സ്കോർ ഡിറ്റർജന്റ് പൗഡർ
3. ടോസ്റ്റ് ക്ളീനിംഗ് പൗഡർ
4. സോളോ ഡിറ്റർജന്റ് കേക്ക്
5. മാവേലി ഡിറ്റർജന്റ് പൗഡർ
6. ലിക്വിഡ് ക്ലീനർ
7. ലിക്വിഡ് ഡിറ്റർജന്റ്

(സി)-(ഇ) കമ്പനിയുടെ ഉല്പന്നങ്ങൾ സി ആന്റ് എഫ് ഏജന്റ്സ് വഴി വിപണനം നടത്തുന്നു. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള മാവേലി സ്റ്റോറുകൾ വഴിയും കമ്പനിയുടെ ഉല്പന്നങ്ങളുടെ വിപണനം നട

LIBRARY ARCHIVES Kerala Legislative Assembly

ത്തുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും അവർക്കാവശ്യമായ ഡിറ്റർജന്റ് ഉല്പന്നങ്ങൾ കഴിയുന്നത്ര കമ്പനിയിൽ നിന്നും നേരിട്ട് ടെന്റർ കൂടാതെ വാങ്ങുന്നതിനായി സ്റ്റോർ പർച്ചേസ് മാന്വലിൽ ഇളവുവരുത്തിക്കൊണ്ട് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്.

അമ്പലമുകളിലെ എച്ച്.ഒ.സി കമ്പനി

28 (2084)ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലമുകളിലെ എച്ച്.ഒ.സി. കമ്പനിയുടെ സമീപത്ത് താമസിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ കേരള ഹൈക്കോടതി നിർദ്ദേശ പ്രകാരം എറണാകുളം ജില്ലാ കളക്ടറുടെ ചേമ്പറിൽ വച്ച് കമ്പനി മാനേജ്മെന്റും, മേലേത്ത് പി. നാരായണൻ നായർ മുതൽ പേരും തമ്മിൽ 9-12-1998-ൽ വച്ച കരാറിലെ വ്യവസ്ഥകൾ എന്താണ്. ഈ കരാറിൽ ഇവരുടെ ഭൂമി കമ്പനി വിലയ്ക്കെടുത്ത് ഇവരെ മാറ്റി താമസിപ്പിക്കുന്നതിന് തീരുമാനം ആയിട്ടുണ്ടോ;

(ബി) പ്രസ്തുത കരാർ പ്രകാരം പരാതിക്കാരുടെ ഭൂമി 30.4.1999-നകം കമ്പനി വിലയ്ക്കെടുത്ത് ഇവരെ മാറ്റി താമസിപ്പിക്കേണ്ടതായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കരാർ വ്യവസ്ഥ നടപ്പാക്കുന്നതിന് ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരാറിലെ വ്യവസ്ഥകൾ താഴെപറയുന്നവയാണ്.

(1) 5.6.'98-ലെ തഹസീൽദാരുടെ റിപ്പോർട്ടിൽ നിശ്ചയിച്ചിട്ടുള്ള ഭൂമി വിലയും കരം തിരുവും അംഗീകരിച്ചു.

(2) ഒരു സർവ്വേ നമ്പർ ഒരു പ്രത്യേക വിഭാഗത്തിൽപെട്ടതാണോ അല്ലയോ എന്നതിനെ സംബന്ധിച്ച് ഉണ്ടായേക്കാവുന്ന പരാതിയിൻമേൽ, ഡെപ്യൂട്ടി കളക്ടർ (സ്ഥലമെടുപ്പ്) എറണാകുളം, തഹസീൽദാർ (കുന്നത്തുനാട്), എച്ച്.ഒ.സി.യുടെ ഒരു പ്രതിനിധി എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി തീരുമാനമെടുക്കുന്നതാണ്.

(3) ഓരോ വസ്തുവിനും കൊടുക്കേണ്ട മൊത്തം നഷ്ടപരിഹാരം മുകളിൽ നിശ്ചയിച്ചതിൻ പ്രകാരമുള്ള ഭൂമി വിലയോടുകൂടി സ്ഥലമെടുപ്പ് അവാർഡിന്റെ മറ്റു ഘടകങ്ങളും കൂടി ചേർത്ത് നിശ്ചയിക്കുന്നതാണ്.

(4) കൂടുതൽ നഷ്ടപരിഹാരത്തിനായി ഏതെങ്കിലും കോടതിയെ സമീപിക്കാൻ എതിർ കക്ഷിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല. 30.4.99-നകം ഉഭയ സമ്മതപ്രകാരം സ്ഥലമെടുപ്പ് നടത്തേണ്ടതാണ്.

(5) ഒത്തു തീർപ്പിലെ മേൽപ്പറഞ്ഞ വ്യവസ്ഥകൾ 1998-ലെ 2117-ാം നമ്പർ ഒ.പി.യിലെ കക്ഷിയല്ലാത്ത സ്ഥലം ഉടമയായ ശ്രീ. എം.കെ. പരമുവിനും ബാധകമാണ്.

(6) എതിർ കക്ഷികളായ 1 മുതൽ 6 പേരും എച്ച്.ഒ.സി.യും മുകളിൽ പറഞ്ഞ അഞ്ചു വ്യവസ്ഥകളും പാലിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly